# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2008 – 11/03/2020 - ലെ മറുപടിക്ക്

### പദ്ധതി അടങ്കലിൽ വെട്ടിക്കുറവ്

ചോദ്യം — ഉത്തരം

ശ്രീ.ടി.ജെ. വിനോദ് — ഡോ. ടി. എം. തോമസ് ഐസക്

ശ്രീ.എ.പി. അനിൽ കുമാർ — (ധനകാര്യവും കയറും വകുപ്പുമന്ത്രി)

ശ്രീ.റോജി എം. ജോൺ

ശ്രീ.വി.ഡി.സതീശൻ

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | കേന്ദ്രനികുതി വിഹിതം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെയും ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലുണ്ടായിട്ടുള്ള ഇടിവിന്റെയും രാജ്യത്താകമാനമുള്ള സാമ്പത്തിക മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ 27610 കോടി രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ, ആകെ അടങ്കൽ 36786.33 കോടി രൂപയാണ്. |
| (ബി) | 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ എന്ത് വെട്ടിക്കുറവാണ് വരുത്തിയത്; ഇത് ഏതൊക്കെ മേഖലകളെയാണ് ബാധിച്ചത്; | ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ കുറവു വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും സമയാസമയങ്ങളിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ച് ചില വേയ്സ് & മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിൽ 2019-20 സാമ്പത്തിക വർഷം എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിരുന്നോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കായി നീക്കിവെച്ച തുകയിൽ എന്ത് തുക ഇതിനകം ചെലവഴിച്ചു; അത് മൊത്തം അടങ്കലിന്റെ എത്ര ശതമാനം വരും എന്നറിയിക്കാമോ; | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിൽ 2019-20 സാമ്പത്തിക വർഷം വെട്ടിക്കുറവ് വരുത്തികൊണ്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്കായി നീക്കിവെച്ച 7500 കോടി രൂപയിൽ 10.03.2020 വരെ 3534.34 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു മൊത്തം അടങ്കൽ തുകയുടെ 47.12 ശതമാനമാണ്. |
| (ഡി) | സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന | ദൈനംദിന ട്രഷറി മാനേജ്മെന്റിന് വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ |

| | | |
|---|---|---|
| | പ്രവർത്തനങ്ങളെ എപ്രകാരമാണ് ബാധിച്ചതെന്ന് വിശദമാക്കുമോ? | ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. ട്രഷറി ബില്ലുകൾ നേരിട്ടും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം വഴിയും മാറി നൽകി വരുന്നുണ്ട്. പ്രാദേശിക സർക്കാരുകളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ട് പോകുന്നതിനു പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ